

INDIAN CATHOLIC COMMUNITY
Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 069911966771
ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന



ICC Bulletin Vol. 9.4 www.iccvienna.org November-December: 2014

# Message of the Chaplain

കത്തോലിക്കാസഭയെ കാലോചിതമായി നവീകരിക്കുവാൻ ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ ആവിഷ്ക്കരിച്ച പദ്ധതിയാണ് ''നവ സുവിശേഷവത്ക്കരണം''(New Evangelization). അതിനായി പാപ്പ പറഞ്ഞു: „Go to the school of your Master, Jesus Christ, and learn everything for your life.“ ഈ കാഴ്ചപ്പാടിൽ നിന്നും പ്രചോദനമുൾക്കൊണ്ടുകൊണ്ട് വിയന്ന അതിരൂപതാദ്ധ്യക്ഷൻ കർദ്ദിനാൾ ഷേൺബോൺ 2011ൽ തന്റെ „Der Masterplan. Was will Jesus, der Meister, von uns?“ എന്ന ഇടയലേഖനത്തിലൂടെ അതിരൂപതയിൽ നടത്താൻ ഉദ്ദേശിക്കുന്ന കർമ്മപരിപാടികൾക്ക് തുടക്കമിട്ടു. ആദിമസഭയിൽ അപ്പസ്തോലന്മാർ സഭാസമൂഹങ്ങളെ ചിട്ടപ്പെടുത്തി വളർത്തിയ തീഷ്ണതയോടെ ഈ അതിരൂപതയിലെ ഇടവക സമൂഹങ്ങളെ ആത്മീയമായും ഘടനാപരമായും നവീകരിക്കാനുള്ള കർദ്ദിനാളിന്റെ മാസ്ററർ പ്ലാൻ Apg2.1എന്ന പേരിലറിയപ്പെടുന്നു.

അതിനായി, മൂന്ന് കാര്യങ്ങൾ അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു: 1). പ്രേഷിത ദൗത്യത്തിന് മുൻഗണന – Mission First. 2). ശിഷ്യത്വപരിശീലനം – Jüngerschaft Schulung. 3). ഇടവക സമൂഹങ്ങളുടെ ഘടനാപരമായ നവീകരണം – Struktur Reform Prozess. ഇവിടത്തെ മൂന്ന ് വികാരിയാത്തുകളിലും ഈ പ്രോജക്ട് നടപ്പാക്കുന്നതിനുവേണ്ടി പിതാവ് വികാരി ജനറാളിന്റെ നേതൃത്വത്തിൽ ഒരു സെന്റ്രൽ കമ്മീഷനെ നിയോഗിച്ചു. ഇവയുടെ മാർഗ്ഗ നിർദ്ദേശങ്ങളോടെ Dechanat തലത്തിലും ഇടവക തലത്തിലും വിവിധ വർക്കിംങ്ങ് ടീമുകൾ രൂപീകരിച്ചു. അവയെല്ലാം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. 2014 അവസാനത്തോടെ ഈ നവീകരണപദ്ധതിയെപ്പറ്റിയുള്ള ഒരേകദേശ രൂപം ഉരുത്തിരിയുമെന്ന് അതിരൂപത പ്രതീക്ഷിക്കുന്നു. Apg2.1എന്ന മാസ്ററർ പ്ലാൻ അനുസരിച്ച് അതിരൂപതയിലെ ഇപ്പോഴത്തെ ഇടവകകളെ മൂന്ന് കാറ്റഗറിയായി തിരിക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്: 1). കൂദാശകളുടേയും അജപാലന ശുശ്രൂഷകളുടേയും ആസ്ഥാനമായ ഇടവക കേന്ദ്രം (Pfarre Neu). 2). അവയുടെ Filial Station കൾ. 3). വചന–പ്രാർത്ഥനാ സമ്മേളന സ്റ്റേഷനുകൾ. ഇവയിൽ മൂന്നാമത്തേത് ഇടവകയുടെ കൂദാശ വേദികളല്ല.

ലോക്കൽ ഇടവകകളെ പ്രത്യക്ഷമായി ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പുനരേകീകരണ പ്രക്രിയയിൽ ഇവിടത്തെ വിദേശഭാഷാ സമൂഹങ്ങളും സജീവമായി പങ്കുചേരണമെന്നാണ് അഭിവന്ദ്യ പിതാവ് ആഗ്രഹിക്കുന്നത്. അവയുടെ ഘടനാപരമായ നവീകരണത്തിന് രണ്ട് പ്രധാനമായ കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 1). ഓരോ വിദേശഭാഷാ സമൂഹവും തങ്ങളുടെ വിശ്വാസ പൈതൃകത്തിന്റേയും ആരാധനാക്രമത്തിന്റേയും തനിമ നിലനിർത്തുവാനും പരിപോഷിപ്പിക്കുവാനും അവർക്ക് അതിരൂപത നിർദ്ദേശിച്ച് തന്നിരിക്കുന്ന ദേവാലയ കേന്ദ്രങ്ങളെ ഉപയോഗിക്കുക (Concept of Identity). 2). ലോക്കൽ സഭയുടെ വിശ്വാസ സംസ്ക്കാരത്തിലേയ്ക്കും, കൗദാശിക കൂട്ടായ്മയിലേയ്ക്കും ആവുന്നത്ര അനുരൂപണം പ്രാപിക്കുക (Concept of Integration).

വിയന്ന അതിരൂപതയിലെ Apg2.1എന്ന മാസ്ററർ പ്ലാൻ അനുസരിച്ച് നമ്മുടെ ഇടവകയെ ആത്മീയമായും, അജപാലനപരമായും, ഘടനാപരമായും പുനരേകീകരിക്കുവാൻ കുറെ വർഷങ്ങളായി നമ്മൾ ശ്രമിക്കുകയാണ്. 2011 മുതലുള്ള നമ്മുടെ പരിശ്രമഫലമായി ഈ അതിരൂപതയിൽ രജിസ്റ്റർചെയ്ത് ഇപ്പോൾ ഇവിടെയുള്ള മലയാളി കത്തോലിക്കാ കുടുംബങ്ങളേയും (638) അവയിലെ അംഗങ്ങളേയും (2445), വിവിധ റീത്തുകളിലും സാമുദായിക സഭാവിഭാഗത്തിലുമുള്ള (ക്നാനായ 60 കുടുംബങ്ങൾ) വരേയും തിരിച്ചറിയുവാൻ സാധിച്ചിട്ടുണ്ട്.

ഇവിടത്തെ പ്രവാസി മലയാളി കത്തോലിക്കരുടെ ആത്മീയ അജപാലന ശുശ്രൂഷകൾക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള വൈദീകരോടൊപ്പം സഹകരിച്ച് പ്രവർത്തിക്കുന്ന പള്ളിക്കമ്മറ്റി, വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന ലീഡേഴ്സ്, പ്രാർത്ഥനാ ക്കൂട്ടായ്മകൾ, കുടുംബ സമ്മേളനങ്ങൾ, കുട്ടികളുടെ വിശ്വാസ പരിശീലനത്തിനായി മതബോധനം കലാസാംസ്ക്കാരിക പരിശീലനത്തിനായി Kairaly Nikethan School എന്നിവയുടെ വൈവിദ്ധ്യമേറിയ ശുശ്രൂഷകളിലൂടെ ഐക്യത്തിലും, സാഹോദര്യത്തിലും സജീവത്വത്തിലും ഒരൊറ്റ മലയാളി കത്തോലിക്ക സമൂഹമായി വളരുവാൻ സാധിച്ചത് കർത്താവിന്റെ അതിശയകരമായ കൃപകൊണ്ടാണ്.

ഘടനാപരമായും നമുക്ക് ഒട്ടേറെ നന്മകൾ ലഭിച്ചിട്ടുണ്ട്. നമ്മുടെ ഇടവകകേന്ദ്രമായി Pfarre Maria Lourdes (Center for Syro Malabar, Syro Malankara, Kerala Latin), കൗദാശിക ഉപകേന്ദ്രങ്ങളായി Stadlau Kapelle (Substation mainly for the Syro Malabar Unit of the ICC), Pfarre Breitenfeld (Substation exclusively for the Syro Malankara Unit of the ICC) എന്നിവ അതിരൂപത നമുക്ക് കാനോനിക്കലായി അംഗീകരിച്ചു തന്നിട്ടുണ്ട്. കൂടാതെ, നമ്മുടെ വചനശുശ്രൂഷ–പ്രാർത്ഥന, നൈറ്റ് വിജിൾ എന്നിവ പ്രവർത്തിക്കുന്നതിനായി മറ്റ് ദേവാലയങ്ങളും അവിടത്തെ ലോക്കൻ വികാരിമാരുടെ അംഗീകാരത്തോടെ ലഭിച്ചിട്ടുണ്ട്. അവയെല്ലാം ICCയുടെ കൂദാശാ വേദികളല്ലെങ്കിലും ലോക്കൽ ഇടവകകളുടെ ആ കൂദാശാവേദികളിൽ നടക്കുന്ന

ലിറ്റർജിയിൽ പങ്കുകൊള്ളാനും ലോക്കൽ സഭയിലേയ്ക്ക് integrate ചെയ്ത് അവയെക്കൂടി പരിപോഷിപ്പിക്കാനും നമുക്ക് സാധിക്കുന്നു. അത് നമ്മുടെ ഒരു പ്രേഷിത ദൗത്യം കൂടിയാണ്.

ICCയിലെ 2445 മലയാളീ കത്തോലിക്കരുടെ ആത്മീയ അജപാലന ശുശ്രൂഷകൾക്കായി ചുമതലപ്പെടുത്തിയിരിക്കുന്ന വൈദികരുടെ നേതൃത്വത്തേയും ശുശ്രൂഷകളേയും അവരുമായി ഹൃദയ ഐക്യത്തോടും വിധേയത്വത്തോടും ധാരണയോടുംകൂടെ സ്വീകരിച്ച് അവരെ നിയോഗിച്ചിരിക്കുന്ന രൂപതാദ്ധ്യക്ഷനുമായുള്ള ഇടയബന്ധം ദൃഢമാക്കുകയും അതിലൂടെ സഭയുടെ നാഥനും അധികാരിയുമായ യേശുക്രിസ്തുവുമായി ഗാഢമായ ആത്മബന്ധം ശക്തിപ്പെടുത്തുകയും ചെയ്താൽ കർത്താവ് നമുക്ക് വാഗ്ദാനം ചെയ്തിരിക്കുന്ന കൃപയുടെ സമൃദ്ധിയും (Jn. 1.16) ജീവന്റെ പൂർണ്ണതയും (Jn 10.10) സന്തോഷത്തിന്റെ നിറവും (Jn 15.11) പ്രാപിക്കാൻ നമുക്ക് സാധിക്കും.

ഇന്ന് സഭാതലങ്ങളിൽ രണ്ട് വിഘടിത പ്രവണതകൾ നമുക്ക് തിരിച്ചറിയാം. ഇവയിലൊന്ന് യേശുവിന്റെ കല്പനാധികാരം സ്വീകരിക്കാതെയും സഭാനേതൃത്വത്തോട് വിധേയത്വമില്ലാതെയും യേശുവിന്റെ നാമത്തിൽ വചന പ്രഘോഷണവും രോഗശാന്തി ശുശ്രൂഷകളും നടത്തുന്നവർ – White Sect. ഇക്കൂട്ടരെ കർത്താവ് ശക്തിയായി തള്ളിപ്പറയുന്നുണ്ട്(Mt 7. 21-26). മറ്റൊരുകൂട്ടർ യേശുവും സഭയുമായി ഹൃദയബന്ധം വിച്ഛേദിച്ച് യേശുവിന്റെ കരങ്ങളിൽ നിന്നുതന്നെ അപ്പം സ്വീകരിച്ച് ഗുരുസ്തുതി ആലപിച്ച് തിന്മയുടെ ശക്തി കേന്ദ്രമാകുന്നവർ(Jn 13. 26) –Black Sect. ഈ രണ്ട് വിഘടിത പ്രവണതകളുടേയും സ്വാധീനത്തിൽ പെട്ടുപോകാതെ നമ്മെയും നമ്മുടെ കുടുംബങ്ങളേയും നമ്മുടെ ഇടവകയേയും അതീവ ശ്രദ്ധയോടെ നമുക്ക് സംരക്ഷിക്കാം. കർത്താവിന്റെ അനുഗ്രഹാശീർവ്വാദം നമുക്കെല്ലാവർക്കും ലഭിക്കുമാറാകട്ടെ.

# Guidelines for the ICC Members

1. Kindly inform the ICC Chaplain/Assistant Chaplain if you need any sacramental service, especially for Baptism, Confirmation, Marriage and Holy Mass, in the Rites of Syro Malabar and Kerala Latin Rite (Malayalam) and Fr. Prasobh OIC in the Syro Malankara Rite. Only afterwards, you may contact any other Malayalee priest to conduct the required sacramental services intended for any of the 2445 Malayalee Catholic members of the ICC. We welcome cordially the maximum participation of all the Malayalee Priests in Vienna for the spiritual nourishment of the Indian Catholic Community.

2. Kindly inform the ICC Chaplain if you want to organize a Prayer, Family, Night Vigil Unit, which is to be a recognized unit of the Indian Catholic Community Vienna. Only after getting the approval, you may begin the first service event of your new Unit. There will not be regular Holy Mass in our Prayer and Night Vigil Units.

3. Please note that the names of the Prayer, Family and Night Vigil Groups which are now given in the ICC Website will be removed from there after 30th November 2014, unless their contact persons confirm their continued service after this date.

4. Please note that the ICC Prayer/Family/Night Vigil Units are allowed to take an Offertory Collection only for the use of paying the maintenance cost (Betriebskosten) and other expenses of their services. If the Units want to make any contribution of charity purpose, kindly get the permission of the ICC Chaplain before they do this noble gesture. Give in writing the name of the beneficiary.

5. Please note that it is not allowed by the civil and ecclesial law to make any financial collection on any public forum including the Churches, without getting a prior permission, in our case, from the ICC Chaplain, notifying as to who makes the transaction of the money and who is the beneficiary of the financial help. Permission to celebrate Holy Mass in the ICC approved venues does not mean that charity collections can be made there without prior approval of the ICC.

## Announcement

We are glad to announce that the ICC has got the approval of the Archdiocese of Vienna, through Bishop Dr. Franz Scharl, to use the Stadlau Kapelle as being the liturgical center of the Syro Malabar Unit of the ICC.

**We wish you all a joyful season of Christmas and of the New Year- 2015**

ICC Chaplain: P. Thomas Thandappilly CST ICC Assistant Chaplain: P. Joy Plathottathil SVD
*Verleger : Steephen Chevookaran, Media & Communications for the Indian Catholic Community*